# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 479 10.06.2014-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി

ചോദ്യം

ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനം കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയാണോ; വ്യക്തമാക്കുമോ; | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ താത്ക്കാലിക കണക്കുകൾ പ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ റവന്യൂ വരുമാനം വർദ്ധിക്കാതിരുന്നത് മൂലം സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നുണ്ട്. |
| (ബി) | കേന്ദ്ര ധനകാര്യ വകുപ്പ് സംസ്ഥാന ധനകാര്യവകുപ്പിന് 2013-14 സാമ്പത്തിക വർഷം കടം കൊടുക്കാൻ നിശ്ചയിച്ച തുക എത്ര കോടി രൂപയായിരുന്നു ; | കേന്ദ്രം സംസ്ഥാനത്തിന് 2013-14 സാമ്പത്തിക വർഷം അനുവദിച്ച വായ്പാ പരിധി 12397 (തനി) കോടി രൂപയായിരുന്നു. വായ്പാ തിരിച്ചടവിനുവേണ്ടിയുള്ള വായ്പാ അനുമതികൂടി ചേർക്കുമ്പോൾ മൊത്ത വായ്പാ പരിധി 20336.37 കോടി രൂപയാണ്. |
| (സി) | സംസ്ഥാന സർക്കാർ എത്ര കോടി രൂപ 2013-14 സാമ്പത്തിക വർഷം കടമെടുത്തു; ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങൾ വഴി; എത്ര കോടി രൂപ വീതം ; വിശദമാക്കുമോ; | 2014 മാർച്ച് 31 വരെയുള്ള വകുപ്പുതല കണക്കു പ്രകാരം സംസ്ഥാന സർക്കാർ 2013-14 സാമ്പത്തിക വർഷം 14363.6 കോടി രൂപ കടമെടുത്തു. |

| ഏജൻസി | തുക (കോടിയിൽ) |
|---|---|
| പൊതുവിപണി | 12800 |
| നബാർഡ് | 501.25 |
| എൻ.സി.ഡി.സി. | 105.20 |
| എൻ.എസ്.എസ്.എഫ്. | 565.14 |
| എ.ഡി.ബി. | 87.68 |
| ലോകബാങ്ക് | 191.27 |
| ജെ.ഐ.സി.എ | 113.06 |

| | | |
|---|---|---|
| (ഡി) | 2013-14 സാമ്പത്തികവർഷം സഞ്ചിത കടം എത്ര കോടിരൂപ യായിരുന്നു; ഇത് സംസ്ഥാന ത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാ ണെന്ന് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കു പ്രകാരം 2014 മാർച്ച് 31 വരെ കേരളത്തിന്റെ സഞ്ചിത കടം 117595.70 കോടി രൂപയായിരുന്നു. ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 29.18 ശതമാനമായിരിക്കുമെന്നാണ് കണക്കാക്കുന്നത്. |

| | | |
|---|---|---|
| (ഇ) | നടപ്പുവർഷം നാളിതുവരെ എത്ര കോടി രൂപ കടമെടുത്തു; ആയത് ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ വീതം; വ്യക്തമാക്കുമോ; | ഈ സാമ്പത്തിക വർഷം 2014 മേയ് 31 വരെയുള്ള കണക്കുകൾ പ്രകാരം പൊതുവിപണിയിൽ നിന്ന് 3200 കോടി രൂപയും നബാർഡിൽ നിന്നും ഗ്രാമീണ അടിസ്ഥാന സൗക ര്യ വികസനത്തിനായി 102.02 കോടി രൂപയും, വിദേശ ഏജൻസികളിൽ നിന്ന് വിവിധ പദ്ധതി കൾക്കായി 89.57 കോടി രൂപയും എൻ.സി.ഡി.സി.യിൽ നിന്ന് 3.32 കോടി രൂപയും ഉൾപ്പെടെ ആകെ 3394.91 കോടി രൂപ കടമെടുത്തിട്ടുണ്ട് |
| (എഫ്) | നടപ്പുവർഷം സഞ്ചിത കടം എത്ര കോടികവിയുമെന്നാണ് പ്രതീക്ഷി ക്കുന്നത്; വ്യക്തമാക്കുമോ; | നടപ്പ് വർഷം കേരളത്തിന്റെ സഞ്ചിത കടം 131578.83 കോടി രൂപ കവിയുമെന്നാണ് കണക്കാക്കുന്നത് |
| (ജി) | ഈ സർക്കാർ അധികാരമേൽക്കു മ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്രയായിരുന്നു; നിലവിൽ സംസ്ഥാനത്തിന്റെ പൊതു കടം എത്ര കോടിയെന്ന് വ്യക്തമാ ക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെ സംസ്ഥാനത്തിനുണ്ടായിരുന്ന പൊതുകടം 78673.24 കോടി രൂപയായിരുന്നു. അക്കൗണ്ട ന്റ് ജനറലിന്റെ താത്കാലിക കണക്കു പ്രകാരം 2014 മാർച്ച് 31 വരെ കേരളത്തിന്റെ പൊതു കടം 117595.70 കോടി രൂപയായിരുന്നു. |

സെക്ഷൻ ഓഫീസർ